ഭരണഭാഷ മാതൃഭാഷ

നം.എ 2/13475/16.

വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,
കണ്ണൂർ, തീയതി 16.6.16.
Phone-0497 2705149
Email: ddekannur @gmail.com.

## സർക്കുലർ

വിഷയം: പൊ.വി. 2015-16 അദ്ധ്യയന വർഷത്തെ പാർട്ട് ടൈം ലാംഗ്വേജ് തസ്തികയിൽ നിന്നും ഫുൾടൈം ജൂനിയർ ലാംഗ്വേജ് തസ്തികയിലെക്ക് ഉദ്യോഗകയറ്റം-സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച്..

സൂചന: ഈ ഓഫീസിലെ 28.11.14 തീയ്യതിയിലെ ഇതേ നം.പ്രകാരമുള്ള സർക്കുലർ.

**************

പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് (ഹിന്ദി, സംസ്കൃതം, ഉറുദു, അറബിക്-എൽ.പി -യു.പി) അദ്ധ്യാപകരിൽ നിന്നും ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് (ഹിന്ദി, സംസ്കൃതം, ഉറുദു, അറബിക്) എൽ.പി/യു.പി അദ്ധ്യാപകരായി ഉദ്യോഗകയറ്റം നൽകുന്നതിന് യോഗ്യത നേടിയവരും എന്നാൽ സൂചനയിലെ സർക്കുലർ പ്രകാരം പ്രൊഫോർമ സമർപ്പിക്കാത്തവരുമായ പാർട്ട് ടൈം ഭാഷാ അദ്ധ്യാപകരുടെ വിവരങ്ങൾ നിശ്ചിത പ്രഫോർമയിൽ 11.7.16നുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. മേൽ പറഞ്ഞ സർക്കുലർ പ്രകാരം പ്രൊഫോർമ സമർപ്പിച്ചവർ പുതുതായി അപേക്ഷിക്കേണ്ടതില്ലെന്ന് അറിയിക്കുന്നു.

ഗവ.ഹൈസ്കൂൾ അദ്ധ്യാപക പരിശീലന സ്ഥാപനങ്ങളിലെ പ്രധാനാദ്ധ്യാപകർ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തുടങ്ങിയവർ ഉദ്യോഗ കയറ്റത്തിന് അർഹരായ പാർട്ട് ടൈം അദ്ധ്യാപകരുടെ വിശദ വിവരങ്ങൾ ഇതോടൊപ്പമുള്ള പ്രഫോർമയിൽ 11.7.16 നുള്ളിൽ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിലവിലുള്ള തസ്തികയിൽ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തീകരിച്ചവർ മാത്രമേ അപേക്ഷിക്കേണ്ടതുള്ളു. 05 വർഷം പൂർത്തിയായത് വഴി ഫുൾടൈം ആനുകൂല്യം പറ്റുന്ന അദ്ധ്യാപകർ ഒരിക്കലും ഫുൾ ടൈം അദ്ധ്യാപകരല്ലെന്നും അറിയിക്കുന്നു.ഫുൾ ടൈം പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്കാണ് ഹൈസ്കൂൾ അദ്ധ്യാപക (യോഗ്യതയുടെ അടിസ്ഥാനത്തിൽ) തസ്തികയിലേക്ക് പരിഗണിക്കുമ്പോൾ മുൻഗണന നൽകുന്നത്. ഈ സർക്കുലർ കൈപ്പറ്റിയ വിവരം മടക്കതപ്പാലിൽ അറിയിക്കേണ്ടതാണ്.

അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർ
വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ അധിക ചുമതല
കണ്ണൂർ.

1.എല്ലാ ഗവൺമെന്റ് ഹൈസ്കുള പ്രധാനാദ്ധ്യാപകർക്കും.
2.ടി.ടി.ഐ/ഡയറ്റ് പ്രിൻസിപ്പാൾ
3.എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.

എച്ച്.കെ.

## പ്രഫോർമ

| | | |
|---|---|---|
| 1 | അദ്ധ്യാപകന്റെ പേരും മേൽ വിലാസവും | |
| 2 | ഉദ്യോഗ പേര് | |
| 3 | ജനന തീയ്യതി | |
| 4 | വിദ്യാഭ്യാസ യോഗ്യത | |
| എ) | പൊതുവായത് | |
| ബി) | തൊഴിൽപരമായത് | |
| 5 | വിദ്യാഭ്യാസ ജില്ല/ഉപജില്ല | |
| 6 | ജില്ലാ ബോർഡ്/പി.എസ്.സി മുകാന്തിരം തെരഞ്ഞെടുത്തതോ സറണ്ടർ ചെയ്ത സ്കൂളോ എന്നത് | |
| 7 | പി.എസ്.സി അഡ്വൈസ് ചെയ്ത നം.ഉം തീയ്യതിയും | |
| 8 | സർക്കാർ വിദ്യാലയത്തിൽ തുടർച്ചയായി സർവ്വീസ് ആരംഭിച്ച തീയ്യതി(ജില്ലാന്തര സ്ഥലം മാറ്റം ലഭിച്ചവർ ആയതും ഈ ജില്ലയിൽ സേവനം തുടങ്ങുയ തീയ്യതിയും കാണിക്കണം. | |
| 9 | ഇപ്പോഴത്തെ തസ്തികയിൽ തൃപ്തികരമായി പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ച ഉത്തരവ് നം.ഉം തീയ്യതിയും | |
| 10 | ജൻമ സ്ഥലം | |
| 11 | ഒപ്പ് | |
| 12 | പ്രധാനാദ്ധ്യാപകന്റെ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അഭിപ്രായം. | |

## സാക്ഷ്യപത്രം

മുകളിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ അദ്ധ്യാപകന്റെ /അദ്ധ്യാപികയുടെ സേവന പുസ്തകവും മറ്റു രേഖകളും വെച്ച് പരിശോധിക്കുകയും ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തതായും സാക്ഷ്യപ്പെടുത്തുന്നു.

പ്രധാനാദ്ധ്യാകപൻ/ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ

എച്ച്.കെ.